## കോളേജ് വിദ്യാഭ്യാസ വകുപ്പ് അഡിഷണൽ ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം – ഹയർ സെക്കന്ററി അദ്ധ്യാപകർക്കുള്ള പരിശീലന പരിപാടി വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്നതിന് കോളേജുകളെ തിരഞ്ഞെടുത്ത് ഉത്തരവാകുന്നു.

---

ഉത്തരവ് നം: പി (ഐ.റ്റി)/24969/2018/കോ.വി.വ തീയതി: 11/09/2018

---

പരാമർശം:- 1. 12/06/2018 -ലെ സംസ്ഥാന ഹയർ സെക്കന്ററി ഡയറക്ടറുടെ എ.സി.ഡി എസ്.പി.സി.(2)/116093/18/എച്ച്.എസ്.ഇ. നമ്പർ കത്ത്.

2. 06/07/2018 -ലെ ഈ ആഫീസിൽ നിന്നുള്ള ഇതേ നമ്പർ സർക്കുലർ.
3. വിവിധ സർക്കാർ കോളേജ് പ്രിൻസിപ്പാൾമാരിൽ നിന്നും ലഭിച്ച അപേക്ഷകൾ.
4. 04/08/2018 -ലെ ഈ ആഫീസിൽ നിന്നുള്ള ഇതേ നമ്പർ കത്ത്.
5. 03/09/2018 -ലെ സംസ്ഥാന ഹയർ സെക്കന്ററി ഡയറക്ടറുടെ എ.സി.ഡി. എസ്.പി.സി (2)/116093/18/എച്ച്.എസ്.ഇ. നമ്പർ കത്ത്.

### ഉത്തരവ്

ഈ കാര്യാലയത്തിനു കീഴിലെ ബിരുദാനന്തര ബിരുദ വിഭാഗങ്ങളുള്ള സർക്കാർ കോളേജുകൾ മുഖേന ഹയർ സെക്കന്ററി അദ്ധ്യാപർക്ക് മികച്ച പരിശീലനം നൽകുന്ന-തിനായി കോളേജുകളുടെ സന്നദ്ധത ഹയർ സെക്കന്ററി ഡയറക്ടർ അഭ്യർത്ഥിക്കുകയും ടി വിവരം പരാമർശം (2) പ്രകാരം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീ-കരിക്കുകയും ചെയ്തു. നിശ്ചിത സമയത്തിനുള്ളിൽ ലഭ്യമായ അപേക്ഷകൾ ക്രോഡീകരിച്ച് ഹയർ സെക്കന്ററി ഡയറക്ടർക്ക് ലഭ്യമാക്കുകയും പരാമർശം (5) പ്രകാരം ഹയർ സെക്കന്ററി ഡയറക്ടർ ചുവടെ ചേർക്കുന്ന കോളേജുകളെ പേരിനോടൊപ്പം സൂചിപ്പിച്ചിരിക്കുന്ന വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനുള്ള കേന്ദ്രങ്ങളായി തിരഞ്ഞെടുക്കുകയും ചെയ്തു.

| ക്രമ നം | കോളേജിന്റെ പേര് | വിഷയം |
|---|---|---|
| 1. | യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം | ബയോളജി, ഫിസിക്സ് |
| 2. | മഹാരാജാസ് കോളേജ്, എറണാകുളം | ബയോളജി, പൊളിറ്റിക്കൽ സയൻസ് |
| 3. | ഗവൺമെന്റ് വിക്ടോറിയ കോളേജ്, പാലക്കാട് | ബയോളജി |
| 4. | സർക്കാർ സംസ്കൃത കോളേജ്, പട്ടാമ്പി | കെമിസ്ട്രി, മലയാളം |
| 5. | ഗവൺമെന്റ് കോളേജ്, ചിറ്റൂർ | മാത്തമാറ്റിക്സ് |
| 6. | പി.എം. ഗവൺമെന്റ് കോളേജ്, ചാലക്കുടി | മാത്തമാറ്റിക്സ് |

5141403

GOVERNMENT OF KERALA 2017-18

| | | |
|---|---|---|
| 7. | ഗവൺമെന്റ് കോളേജ്, നെടുമങ്ങാട് | ഹിസ്റ്ററി |
| 8. | ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്, കോഴിക്കോട് | ഹിസ്റ്ററി |
| 9. | ഗവൺമെന്റ് ബ്രണ്ണൻ കോളേജ്, തലശ്ശേരി | കൊമേഴ്സ്, മലയാളം |
| 10. | ഗവൺമെന്റ് കോളേജ്, കാസർഗോഡ് | ഇക്കണോമിക്സ് |
| 11. | ഗവൺമെന്റ് വിമൻസ് കോളേജ്, തിരുവനന്തപുരം | കൊമേഴ്സ്, കെമിസ്ട്രി |
| 12. | ഗവൺമെന്റ് കോളേജ്, തൃപ്പൂണിത്തുറ | ഇംഗ്ലീഷ് |
| 13. | ഗവൺമെന്റ് കോളേജ്, മടപ്പള്ളി | ഫിസിക്സ് |

മേൽ സാഹചര്യത്തിൽ ഹയർ സെക്കന്ററി അദ്ധ്യാപർക്ക് പരിശീലനം നൽകുന്നതിനായി ഹയർ സെക്കന്ററി ഡയറക്ടറുടെ നിർദ്ദേശ പ്രകാരം മികച്ച ഫാക്കൽറ്റി അംഗങ്ങളുടെ സേവനം ലഭ്യമാക്കുന്നതിനും പരിശീലന പരിപാടികൾക്ക് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നതിനും ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു. ഹയർ സെക്കന്ററി ഡയറക്ടറുടെ നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് പരിശീലന പരിപാടിയുടെ തുടർ നടപടികൾ സ്ഥാപന മേധാവികൾ സ്വീകരിക്കേണ്ടതാണ്.

ഒപ്പ്/-
ഡോ. ഡി.കെ. സതീഷ്
കോളേജ് വിദ്യാഭ്യാസ അഡിഷണൽ ഡയറക്ടർ
(ഇൻ ചാർജ്)

പകർപ്പ്:-

1) ഹയർ സെക്കന്ററി ഡയറക്ടർ, തിരുവനന്തപുരം
2) ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്
3) സിസ്റ്റം മാനേജർ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4) സ്റ്റോക്ക് ഫയൽ/ കറന്റ് ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

വൈ.ടി 11/9/18